മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, മകരവിളക്ക് പ്രമാണിച്ച് പൊതുഅവധി പ്രഖ്യാപിക്കണമെന്നതാണ് ബഹുമാനപ്പെട്ട മാജു എബ്രഹാമിന്റെ ആവശ്യം. ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. മകരവിളക്കിന്റെ പ്രാധാന്യവും ഭക്തജനങ്ങളുടെ താൽപ്പര്യവും കണക്കിലെടുത്ത് അന്നേദിവസം പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലും ചെങ്ങന്നൂർ താലൂക്കിലും പൊതുഅവധി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(5) ആദിവാസി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. റ്റി. യു. കുരുവിള: സർ, കുട്ടമ്പുഴ പഞ്ചായത്തിലെ 500-ഓളം ആദിവാസികൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തെ ദുരിതം പരിഹരിക്കുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. . ഒന്ന് കുടിവെള്ളപ്രശ്നമാണ്. ലക്ഷങ്ങൾ മുടക്കി മോട്ടോർ പുര, ടാങ്ക്, കുളം ഇവ തീർത്തിട്ട് ഇതുവരെയായിട്ടും ഉപയോഗശൂന്യമായി കിടക്കുകയാണ്. അതുപോലെ സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ഹോസ്റ്റൽ പണി തീർത്തിട്ട് മൂന്നു വർഷമായി. അത് ഉപയോഗശൂന്യമായി കാടുപിടിച്ച് കിടക്കുകയാണ്. അവിടെ ഒരു ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. അത് ഇടിഞ്ഞു പൊളിഞ്ഞിരിക്കുകയാണ്. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടു

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ പഞ്ചായത്തിൽ വിളുവൂർകുടി ആദിവാസി കോളനിയിലെ കുടിവെള്ള പദ്ധതി ഉപയോഗയോഗ്യമാക്കുക, ആൺകുട്ടികളുടെ ഹോസ്റ്റലിലെ ശോചനീയാവസ്ഥ പരിഹരിക്കുക, ആയുർവേദ ഡിസ്പെൻസറി കെട്ടിടം പുനർനിർമ്മിക്കുക തുടങ്ങിയവയാണ് സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ. 2001-2002ൽ എ.ആർ.ഡബ്ല്യു.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കുടിവെള്ള പദ്ധതി കോളനിയിൽ നടപ്പിലാക്കിയിരുന്നു. അതിന്റെ നടത്തിപ്പ് പഞ്ചായത്ത് അംഗം ഉൾപ്പെടുന്ന ഗുണഭോക്തൃ കമ്മിറ്റിയെയാണ് ഏൽപ്പിച്ചിരുന്നത്. വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ വീഴ്ച വരുത്തിയതിനെത്തുടർന്ന് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന സ്ഥിതിയുണ്ടായി. ഇതുമൂലം പദ്ധതിയുടെ പ്രവർത്തനം മുടങ്ങിപ്പോയി. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'ഗുണഭോക്തൃ സമിതികൾ നടത്തിവരുന്ന കുടിവെള്ള പദ്ധതികളുടെ ഉയർന്ന താരിഫ് നിരക്ക് 3 രൂപ 25 പൈസ ഉണ്ടായിരുന്നത് 1 രൂപ 15 പൈസയിലേയ്ക്ക് താഴ്ത്തി. എങ്കിലും ഗുണഭോക്തൃ സമിതി വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതിനെത്തുടർന്ന് പദ്ധതി പ്രവർത്തനരഹിതമായി തുടരുകയാണ്. ത്രിതല പഞ്ചായത്തുകൾക്ക് ഈ പദ്ധതി ഏൽപ്പിച്ചു കൊടുക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നപക്ഷം മെയിന്റനൻസ്

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റിൽ നിന്നും വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എയുടെ സഹകരണത്തോടെ ത്രിതല പഞ്ചായത്തുകളുമായി ചർച്ചചെയ്ത് പരിഹരിക്കാവുന്നതാണ്. വിളവൂർകുടി ഗവൺമെന്റ് ട്രൈബൽ യു.പി. സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലിൽ 73 ആൺകുട്ടികൾ അന്തേവാസികളായിട്ടുണ്ട്. കെട്ടിടത്തിന്റെ നവീകരണത്തിന് 12,72,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. കുട്ടമ്പുഴ പഞ്ചായത്തിന്റെ ടി.എസ്.ബി. ഫണ്ട് ഉപയോഗിച്ച് ഹോസ്റ്റലിന് ആവശ്യമായ കുടിവെള്ള വിതരണത്തിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇതേ കോളനിയിൽ തന്നെ വിദ്യാഭ്യാസ വകുപ്പ് എം.ജി.പി. ഫണ്ട് ഉപയോഗിച്ച് പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ നിർമ്മിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 40 വർഷത്തിലേറെ പഴക്കമുള്ള ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 2009-2010 സാമ്പത്തിക വർഷത്തിൽ 3,72,000 രൂപ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ സാധ്യമല്ലെന്നും പുതിയ കെട്ടിടം നിർമ്മിക്കുകയാണ് വേണ്ടതെന്നുമുള്ള പൊതുമരാമത്ത് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 8,75,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2010-2011-ൽ 5,03,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന് കൈമാറാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ കാലയളവിൽ ഡിസ്പെൻസറി താൽക്കാലികമായി കോളനിയിലെ വനിതാ ക്ഷേമ കേന്ദ്രത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(6) കെ.എസ്.ടി.പി. രണ്ടാം ഘട്ട പ്രവൃത്തികൾ

ശ്രീ. കെ. സി. ജോസഫ് : സർ, കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ട പ്രവർത്തനത്തിന് ലോക ബാങ്കിന്റെ അംഗീകാരം ലഭിക്കാൻ ഇടയില്ല എന്നാണ് അവസാനത്തെ വാർത്തകൾ സൂചിപ്പിക്കുന്നത്. ഒന്നാം ഘട്ടം പണി ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അത് പൂർത്തിയായാലും വായ്പയായി ലഭിച്ച തുകയിൽ ഏതാണ്ട് രണ്ടു കോടി ഡോളർ, 90 കോടി രൂപയോളം ചെലവാക്കാൻ കഴിയില്ല എന്നാണ് മലയാള മനോരമ വിശദീകരിക്കുന്നത്. ഒന്നാം ഘട്ടം പൂർത്തിയാകേണ്ടിയിരുന്നത് 2007 ഡിസംബർ 31-ന് ആയിരുന്നു. നാലു പ്രാവശ്യം അതിന്റെ കാലാവധി നീട്ടിക്കൊടുത്തു. ഇപ്പോഴും പൂർത്തിയായിട്ടില്ല. രണ്ടാംഘട്ടത്തിൽ തലശ്ശേരി വളവുപാറ റോഡ്, എന്റെ മണ്ഡലത്തിലുള്ള തളിപ്പറമ്പ് ഭാഗങ്ങൾ, എം. സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ആരംഭിക്കുന്നതും തൊടുപുഴ-പുനലൂർ തുടങ്ങിയവയെല്ലാം രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയതാണ്. നമ്മുടെ എല്ലാ പദ്ധതികളുടേയും ഒരു ശാപം സമയബന്ധിതമായി ഒന്നും പൂർത്തിയാക്കുന്നില്ലെന്നുള്ളതാണ്. അതുപോലെതന്നെ തലസ്ഥാന നഗര വികസന പദ്ധതി. അത് ഗവൺമെന്റിന്റെ പിടിവാശികൊണ്ടുമാത്രം നീണ്ടുപോയി. ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടായി, ഒരു മലേഷ്യൻ ഉദ്യോഗസ്ഥൻ ആത്മഹത്യ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly